ഇടപെടുകയും അമ്പലകമ്മിറ്റിക്കാരുടെ പേരിൽ നോട്ടീസ് അയയ്ക്കുകയും ചെയ്തിരിക്കുകയാണ്. 30,000 രൂപ നൽകണമെന്ന് കാണിച്ചാണ് അമ്പലകമ്മിറ്റിക്കാർക്ക് നോട്ടീസ് കൊടുത്തിരിക്കുന്നത്. മൂന്നാറിൽ ഏക്കറു കണക്കിനു ഭൂമി കയ്യേറി മരങ്ങൾ മുറിച്ചു മാറ്റിയിട്ട് അതിനെതിരെ നടപടിയെടുക്കാൻ തയ്യാറാകാത്ത റവന്യൂ സെക്രട്ടറി, അമ്പലത്തിൽ ഉണ്ടായിരുന്ന ഒരു പാഴ്മരം മുറിച്ചപ്പോൾ, അതിനെതിരെ പിഴയൊടുക്കാൻ വേണ്ടി നടത്തുന്ന നടപടി ശരിയല്ല. അമ്പലകമ്മിറ്റിക്കാരോട് ഇത്രയും ക്രൂരമായ നടപടി സ്വീകരിക്കരുത്. മരം കയ്യേറ്റം, ഭൂമി കയ്യേറ്റം ഇതെല്ലാം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാത്ത ഇതേ റവന്യൂ സെക്രട്ടറിയുടെ നടപടി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇടപെട്ട് പിൻവലിപ്പിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, റവന്യൂ സെക്രട്ടറി ഇങ്ങനെ ചെയ്തതായിട്ട് സർക്കാർ രേഖകളിലൊന്നും ഞാൻ കണ്ടില്ല. ഇതു സംബന്ധിച്ച് ഗവൺമെന്റിനോട് ആലോചിക്കുകയോ അക്കാര്യത്തിൽ ഗവൺമെന്റ് നിർദ്ദേശം കൊടുക്കുകയോ ചെയ്തിട്ടില്ല. ഇതൊക്കെ സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള ആക്ഷനാണ്. ഇതു സംബന്ധിച്ച തഹസീൽദാരുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഇതിനെതിരെ അപ്പീൽ കൊടുക്കാം. അപ്പീൽ കഴിഞ്ഞ് ഗവൺമെന്റിൽ റിവിഷന് വരുന്ന സന്ദർഭത്തിൽ തീർച്ചയായും ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. ഇതു വലിയൊരു പ്രശ്നമായി കൊണ്ടുപോകേണ്ട കാര്യമില്ല. നമുക്കിതു രമ്യമായി പരിഹരിക്കാവുന്നതേയുള്ളൂ.

(8) കോഴിക്കോട് ഈസ്റ്റ് ഹില്ലിലെ ഹൗസിംഗ് ബോർഡ് കോളനി നിവാസികൾക്ക് തീറാധാരം നൽകണമെന്ന ആവശ്യം

ശ്രീ. എ. സുജനപാൽ: സർ, കോഴിക്കോട് ഈസ്റ്റ് ഹില്ലിൽ ഹൗസിംഗ് ബോർഡിന്റെ കീഴിലുള്ള ഹൗസിംഗ് കോളനിയിലെ നിവാസികൾ 1998-ലും 2002-ലും മുഴുവൻ സംഖ്യയും അടച്ചുതീർത്തിട്ടും അവർക്ക് തീറാധാരം നൽകാത്ത ഗുരുതരമായ ഒരു പ്രശ്നമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. എഴുന്നൂറോളം കോളനി നിവാസികളുടെ അഡ്വാൻസ് തുക വാങ്ങിയിട്ടാണ് ഹൗസിംഗ് ബോർഡ് ഈ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി, അമിത പലിശക്കാരുടെ മേൽ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. ഹൗസിംഗ് ബോർഡ് ഈടാക്കുന്നത് 20 ശതമാനം പലിശയാണ്. അമിത പലിശ ഈടാക്കുന്നിടത്ത് റെയിഡു നടത്തുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. അങ്ങനെയാണെങ്കിൽ റെയിഡു നടത്തേണ്ടത് ഹൗസിംഗ് ബോർഡിലല്ലേ? അടിയന്തിരമായി ഇതിൻമേൽ നടപടി സ്വീകരിക്കണം. Development cost എന്ന പേരിൽ തുക ഈടാക്കുന്നത് അടിയന്തിരമായി പിൻവലിക്കണം. പണമടച്ച് തീർത്തവർക്ക് തീറാധാരം നൽകണം. 20 ശതമാനം നിരക്കിൽ ഈടാക്കുന്ന പലിശ നിരക്ക് കുറച്ചേ മതിയാകൂ. ഹൗസിംഗ് കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. വളരെ മോശമായ അവസ്ഥയിലാണ് ഹൗസിംഗ് കോളനി നിലനിൽക്കുന്നത്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് അടിയന്തിരമായി നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണം. എഴുന്നൂറോളം കോളനി നിവാസികൾ ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. ഹൗസിംഗ് ബോർഡിനോട് പറഞ്ഞിട്ട് യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല എന്നുള്ളതുകൊണ്ടാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടി കോളനി നിവാസികൾ നിയമസഭാ മാർച്ച് നടത്തുന്നത്. ഇക്കാര്യത്തിൽ അടിയന്തിരമായി ഗവൺമെന്റ് ഇടപെടണം. ഹൗസിംഗ് ബോർഡ് അനീതി കാണിച്ചിരിക്കുന്നു. ആ അനീതി അവസാനിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്നാണ് എനിക്കു അപേക്ഷിക്കാനുള്ളത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് കോഴിക്കോട് ജില്ലയിലെ ഈസ്റ്റ്ഹില്ലിൽ 198 ഫ്ളാറ്റുകളാണ് നിർമ്മിച്ചത്. പണിതീർത്ത് അത് അലോട്ട്മെന്റ് നടത്തുകയും ചെയ്തു. ഇതിനകത്തെ ഒരു പ്രായോഗിക ബുദ്ധിമുട്ട് അലോട്ട്മെന്റ് നടത്തുമ്പോൾ ഹൗസിംഗ് ബോർഡിന് താൽക്കാലിക വില മാത്രമേ അന്നേരം അറിയിക്കാൻ കഴിയുകയുള്ളു. ലാന്റ് അക്വയർ ചെയ്യുന്ന കേസുകളിൽ അന്തിമവിധി കോടതികളിൽ നിന്ന് കിട്ടുമ്പോൾ മാത്രമേ അന്തിമവില കണക്കാക്കാൻ പറ്റുകയുള്ളു. അവസാനമാണ് അന്തിമ വില കണക്കാക്കുന്നത്. അങ്ങനെവരുമ്പോൾ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നുയെന്ന് പറഞ്ഞത് ശരിയാണ്. 11-12-2002-ൽ മാത്രമേ മേൽപ്പറഞ്ഞ സ്കീമിന്റെ അന്തിമവില നിശ്ചയിക്കാൻ ബോർഡിന് കഴിഞ്ഞിട്ടുള്ളു. ഇപ്രകാരം നിശ്ചയിച്ച അന്തിമവില എല്ലാ അലോട്ടികളേയും ഇതിനകം അറിയിച്ചിട്ടുണ്ട്. മൂന്നുപേർ മാത്രമേ അന്തിമവില തീർത്തും അടച്ചിട്ടുള്ളു. ഇതിൽ രണ്ടുപേർക്ക് വിലയാധാരം നൽകിക്കഴിഞ്ഞു. ഇന്ന് ഇതുസംബന്ധിച്ച് ധർണ്ണ നടക്കുന്നുയെന്നുള്ളത് ശരിയാണ്. ഇത് സിസ്റ്റത്തിന്റെ കുഴപ്പമാണ്. അല്ലാതെ ഹൗസിംഗ് ബോർഡിന്റെ കുഴപ്പമല്ല. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം ഭൂമി അക്വയർ ചെയ്യുമ്പോൾ അതിന്റെ മുഴുവൻ വിലയും എത്രയാണെന്ന് പറയാൻ കഴിയുകയില്ല. ഭൂമി അക്വയർ ചെയ്യുമ്പോൾ താൽക്കാലിക വിലയാണ് പറയുന്നത്. പിന്നെ അക്വിസിഷൻ കഴിഞ്ഞ് കോടതിയുടെ തീരുമാനംവന്ന് അതിൻമേൽ ഹൈക്കോടതിയിൽപ്പോയി ചിലപ്പോൾ സുപ്രീം കോടതിയിൽവരെ പോയി ഏകദേശം എട്ടോ പത്തോ വർഷം കഴിയുമ്പോഴായിരിക്കും അന്തിമ വില വരുന്നത്. അന്തിമ വിലവരുമ്പോൾ ഹൗസിംഗ് ബോർഡ് ഇത്രരൂപ ഭൂഉടമയ്ക്ക് കൊടുക്കാൻ പറയും. അപ്പോൾ borne ചെയ്യേണ്ടത് ആരാണ്? ഹൗസിംഗ് ബോർഡ് അല്ല, ബെനിഫിഷറീസ് ആണ്. അതിന്റെ ഭാരം ബെനിഫിഷറീസിലേയ്ക്ക് ചെല്ലുന്നുണ്ടെന്നുള്ളത് ശരിയാണ്. ഇത് വാസ്തവത്തിൽ ഒരു Vicious circle ആണ്. ഇത് അലോട്ടീസിനും ഹൗസിംഗ് ബോർഡിനും വിഷമകരമാണ്. ഇതൊരു ദൂഷിതവൃത്തമാണ്. എന്തായാലും ഈസ്റ്റ് ഹിൽ കോളനിയെ സംബന്ധിച്ചിടത്തോളം അലോട്ടികളെ എങ്ങനെ സഹായിക്കാൻ കഴിയുമെന്നുള്ളത് പരിശോധിക്കാം. പലിശയുടെ കാര്യത്തിൽ കണക്കുകൂട്ടലിൽ വ്യത്യാസം വന്നിട്ടുണ്ടോ, പലിശ ഏതെങ്കിലും തരത്തിൽ കുറച്ചുകൊടുക്കാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് തുറന്ന മനസ്സോടുകൂടി നമുക്ക് ചർച്ച ചെയ്യാം. എന്തെങ്കിലും ആശ്വാസം നൽകാൻ കഴിയുമെങ്കിൽ തീർച്ചയായിട്ടും അത് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഒരു കാര്യം കൂടി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വിധിയുടെ അടിസ്ഥാനത്തിൽ കാശ് കൊടുത്തിട്ടായിരിക്കും പട്ടയം കൊടുക്കുമ്പോൾ ഇനിയും കേസുകൾ ഉണ്ടോയെന്ന് പരിശോധിക്കട്ടെ എന്നുപറഞ്ഞ് നീട്ടിക്കൊണ്ടുപോകുന്നത്. അതുകൊണ്ട് അന്തിമവിധി വാങ്ങുന്ന കേസുകളിൽ കളക്ടറുമായി ചർച്ച ചെയ്ത് വേറെ കേസില്ലെങ്കിൽ, ക്ളിയറായിട്ടുള്ള കേസുകളിൽ ആധാരം കൊടുക്കാനുള്ള നിർദ്ദേശം കൊടുക്കാമോ?

ശ്രീ. കെ. എം. മാണി: തീർച്ചയായിട്ടും കൊടുക്കാം. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇതുവരെ നാലായിരത്തി അറുന്നൂറ്റി പന്ത്രണ്ട് പേർക്ക് വിലയാധാരം നൽകിയിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ 1714 പേർക്ക് വിലയാധാരം നൽകി. ലാന്റ് അക്വിസിഷൻ കേസുകൾ നിലവിലുള്ളതിനാലാണ് വിലയാധാരം നൽകാൻ താമസമുണ്ടായത്. ലാന്റ് അക്വിസിഷൻ കേസുകൾ വേഗത്തിൽത്തീർക്കാൻ നടപടി സ്വീകരിക്കാം. കേസുകൾ തീരുന്ന മുറയ്ക്ക് വിലയാധാരവും നൽകാം. ബഹുമാന്യനായ സ്പീക്കർ പറഞ്ഞ വികാരം ഉൾക്കൊള്ളുന്നു. ഇത് ഹൗസിംഗ് ബോർഡിന്റെ കുഴപ്പമല്ല. എങ്കിലും ബഹുമാനപ്പെട്ട സ്പീക്കർ ചൂണ്ടിക്കാണിച്ചതനുസരിച്ച് വളരെ വേഗത്തിൽ വിലയാധാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

(9) കരാഞ്ചിറ വലിയ പാലവും അതിനോടനുബന്ധിച്ചുള്ള ചെറിയ പാലവും സമയബന്ധിതമായി പണിചെയ്യുന്നതിനുള്ള കാലതാമസം

ശ്രീ. കെ. പി. രാജേന്ദ്രൻ: കഴിഞ്ഞ ദിവസം അവതരിപ്പിക്കേണ്ട ഒരു സബ്മിഷനായിരുന്നു. ഏറ്റവും പ്രധാനപ്പെട്ട ഒരു പാലമാണ് എന്റെ നിയോജക മണ്ഡലത്തിലെ ഇരിങ്ങാലക്കുട നിയോജകമണ്ഡലവുമായി ബന്ധപ്പെട്ടുകിടക്കുന്ന കരാഞ്ചിറ വലിയ പാലവും അതിനോടനുബന്ധിച്ചുള്ള ചെറിയപാല നിർമ്മാണവും. നിർമ്മാണവും ഉദ്ഘാടനവും കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും വലിയ പാലത്തിന്റെ നിർമ്മാണത്തിൽ വേണ്ടത്ര പുരോഗതിയുണ്ടായിട്ടില്ല. ചെറിയപാലം സമയബന്ധിതമായി തീർക്കുന്ന കാര്യത്തിൽ കുറച്ച് കാലതാമസം വന്നിരിക്കുകയാണ്. വിദ്യാർത്ഥികളും ആശുപത്രിയിൽ പോകുന്നവരും മാർക്കറ്റിൽ പോകുന്നവരുമായി ആയിരക്കണക്കിനാളുകൾ ദൈനംദിനമുപയോഗിക്കുന്ന പാലമായതുകൊണ്ട് പൊളിച്ച വലിയ പാലത്തിന്റെ പണി ത്വരിതപ്പെടുത്തുന്നതിനും ചെറിയ പാലത്തിന്റെ പണി ഈ മാർച്ച് മാസത്തിൽത്തന്നെ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, കരാഞ്ചിറ ചെറിയ പാലത്തിന്റെ പ്രവൃത്തി ഈ വർഷകാലത്തിനുമുൻപ് തന്നെ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വലിയ പാലത്തിന്റെ പ്രവൃത്തി സാങ്കേതിക കാരണങ്ങളാലാണ് അൽപം വൈകിയത്. പക്ഷേ ഇപ്പോൾ വളരെ വേഗത്തിൽ കാര്യങ്ങൾ നീങ്ങുന്നുണ്ട്. അഞ്ച് പൈലുകൾ പൂർത്തിയായി

LIBRARY ARCHIVES Kerala Legislative Assembly